മി. സ്പീക്കർ: അതെല്ലാം ഒരു പഴയ അദ്ധ്യായമാണ്. അതെല്ലാം ഞാൻ ക്ലോസു ചെയ്തിരിക്കുകയാണ്. അങ്ങോട്ടു വീണ്ടും പോയാൽ വളരെയധികം ദൂരം നമ്മൾ പോകേണ്ടതായിവരും. അത് ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ശ്രീ. ഗോവിന്ദപ്പിള്ള അവിടെത്തന്നെയുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ഗോവിന്ദപ്പിള്ള അവിടെത്തന്നെയുണ്ടാകും.

I. QUESTION OF PRIVILEGE

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു പ്രിവിലേജ് മോഷനു ശ്രീ. കരുണാകരൻ നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹം പറയുന്നത്—

A Sub Committee appointed by the Business Advisory Committee of the Assembly to sift out from the Assembly Proceedings such of the specific irregularities committed by the Health Minister as were voiced in the House and which called for enquiry, made out a list of 12 irregularities and that list was forwarded to Government for taking action. But the enquiry ordered by the Chief Minister as could be gathered from the terms of reference does not cover all the irregularities contained in the list but only two or three. It is the privilege of the Assembly to get its decisions accepted and acted upon by Government. But now, since the Chief Minister has not fully acted upon the verdict of the House, a breach of privilege has been committed by him. I am therefore raising this important question as one requiring the intervention of the Assembly.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, അങ്ങേയ്ക്കു അറിയാവുന്നതുപോലെ ഈ സഭാനടപടികളുടെ കാര്യത്തെ സംബന്ധിച്ചും എന്തിനെ സംബന്ധിച്ചാണ് അന്വേഷണം നടത്തേണ്ടതെന്നുമുള്ളതിനെ സംബന്ധിച്ചും അങ്ങയുടെ നിർദ്ദേശം കിട്ടണമെന്നു ഞാൻ അങ്ങയോടു പറയുകയുണ്ടായി. അങ്ങനെ നിർദ്ദേശം കിട്ടാതെ സഭയിൽ വന്ന ആരോപണങ്ങളും മുഴുവൻ അന്വേഷിക്കണമെന്നുള്ള പൊതുപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സ്പെസിഫിക് ടേംസ് ഓഫ് റഫറൻസ് പ്രൊഡ്യൂസ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നു ഞാൻ അങ്ങയോടു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആദ്യം ഇവിടെ മേശപ്പുറത്തു വെച്ചിട്ടുള്ള കടലാസുകളും എനിക്ക് അയച്ചുതന്നിട്ടുള്ളത്. അതു 16-ാം തീയതി രാത്രിയാണ്. അതേത്തുടർന്ന് 17-ാം തീയതി രാത്രിയാണ് സബ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള രേഖകളും എനിക്കു കിട്ടിയിട്ടുള്ളത്. എന്നാൽ 16-ാം തീയതി കിട്ടിയിട്ടുള്ള പേപ്പറുകളുടെ അടിസ്ഥാനത്തിൽ ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി ഓർഡറിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി അതു ഫൈനലൈസ് ചെയ്യാനുള്ള ഏർപ്പാടായിക്കഴിഞ്ഞിരുന്നു. സബ് കമ്മിറ്റിയുടെ രേഖകൾ 17-ാം തീയതി രാത്രി വളരെ വൈകിയിട്ടാണ് കിട്ടിയിട്ടുള്ളത്. 18-ാം തീയതി വൈകുന്നേരത്തിനു മുമ്പുതന്നെ ഓർഡർ പാസ്സാക്കേണ്ടതുമാണ്. അതുകൊണ്ട് 17-ാം തീയതി രാത്രി കിട്ടിയിട്ടുള്ള ആ രേഖകൾ ഓർഡർ പാസ്സാക്കുന്നതിനു മുമ്പ് എനിക്കു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. അല്ലാതെ സബ് കമ്മിറ്റിയുടെ റിപ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly

കരം പരിശോധിക്കേണ്ടതില്ല എന്നുദ്ദേശമില്ല. 18–ാം തീയതി വൈകുന്നേരത്തിനു മുൻപ് ഓർഡർ പാസ്സാക്കണമെന്നിരിക്കേ 18–ാം തീയതി രാത്രിയിലെങ്കിലും രേഖകൾ കിട്ടിയില്ലെങ്കിൽ ഞാൻ എന്താണ് ചെയ്യേണ്ടിവരുന്നതെന്ന് ഇപ്പോൾ ആലോചിച്ചുപോകുകയാണ്. ഞാൻ അങ്ങയോടുതന്നെ ഇതിന്റെ വിഷമങ്ങൾ പറയുകയുണ്ടായി. 18–ാം തീയതി രാത്രി കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഓർഡർ ആയിട്ടുള്ളത്. 17–ാം തീയതി രാത്രി കിട്ടിയിട്ടുള്ളതു പരിശോധിച്ചിട്ട് അതിന്റെ വെളിച്ചത്തിൽ ഇനി വല്ല സപ്ലിമെന്ററി ടേംസ് ഓഫ് റഫറൻസും വേണമോ എന്നു പരിശോധിച്ചുനോക്കാം.

ശ്രീ. കെ. കരുണാകരൻ: സർ, വെറുതെ പരിശോധിക്കാം എന്നു പറഞ്ഞാൽ പോരാ. ബഹുമാനപ്പെട്ട കൽപ്പറ്റ മെമ്പർ ആരോഗ്യമന്ത്രിയായിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ പേരിൽ വന്ന അഴിമതിയാരോപണങ്ങളെസംബന്ധിച്ച് അന്വേഷണം നടത്തണമെന്നു ഈ സഭ തീരുമാനം ചെയ്യുകയും പ്രമേയത്തിൽ 'ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ' എന്നു ഉൾക്കൊള്ളിച്ചിട്ടുള്ളതും ഏതെല്ലാമെന്നു നിശ്ചയമില്ലാത്തതുകൊണ്ട് സഭാനടപടികൾ പരിശോധിച്ച് വിവരം തരണമെന്നു ആഭ്യന്തരവകുപ്പിൽ നിന്നും ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് അദ്ദേഹം കക്ഷി നേതാക്കന്മാരെ വിളിച്ച് ഈ സഭയിലെ രേഖകൾ ആർക്കും കൊടുക്കുന്ന കീഴ്വഴക്കമില്ലെങ്കിലും ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണത്തെ സംബന്ധിച്ചായതുകൊണ്ട് എന്തു ചെയ്യണമെന്നു വളരെ ഗാഢമായി ആലോചിക്കുകയും അവസാനം കീഴ്വഴക്കങ്ങൾ എന്തുതന്നെയായിരുന്നാലും ശരി ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെല്ലാം പരിശോധിച്ച് ഗവൺമെന്റിന് അഴിമതിയാരോപണത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഏറ്റവും സഹായകമായ ഒരു നിലപാടു ഈ സഭ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ സഭയുടെ അംഗീകാരത്തോടുകൂടി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ഈ സബ്കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിനു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ റിപ്പോർട്ട് 17–ാം തീയതി കിട്ടിയശേഷം അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായ ആരോപണങ്ങളും ഉൾക്കൊള്ളിക്കാൻ സാവകാശം കിട്ടിയിട്ടില്ലെന്നുള്ളത് എത്രതന്നെ വ്യാഖ്യാനിച്ചാലും അംഗീകരിക്കുക പ്രയാസമാണ്. അതുകൊണ്ട് സബ്കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ടായിരുന്നത് ഉൾക്കൊള്ളിക്കുവാൻ സാധിക്കാത്തത് സമയത്തിന്റെ വ്യത്യാസം കൊണ്ടായിരുന്നുവെങ്കിൽ അതുകൂടി ഉൾക്കൊള്ളിക്കാമെന്നു സഭാ നേതാവ് ഉറപ്പുനൽകുകയാണെങ്കിൽ അല്ലാതെ ഈ സഭയുടെ തീരുമാനത്തെ അവഹേളിച്ചു എന്നുള്ള, ഈ സഭയോട് അനാദരവു കാണിച്ചു എന്നുള്ള പ്രിവിലേജ് മോഷൻ പിൻവലിക്കുന്ന പ്രശ്നമേയില്ല. അദ്ദേഹം അങ്ങനെ ഉറപ്പുനൽകാത്ത കാലത്തോളം പ്രിവിലേജ് ഇഷ്യൂ വായി എടുക്കണമെന്നു ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ സംബന്ധിച്ച് വിശദമായിട്ടുതന്നെ പറഞ്ഞു കഴിഞ്ഞു. അദ്ദേഹം മനഃപൂർവമായി സഭയെ അവഹേളിക്കുകയോ സഭയുടെ സബ്കമ്മിറ്റി തീരുമാനിച്ച രീതിയിലുള്ള ആരോപണങ്ങൾ ഉൾപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന നിലയിലാണ് ഇതു ചെയ്തതെന്നു പറയുന്നതു ശരിയല്ല. നേരത്തെ ഓർഡർ ഇട്ടുപോയതുകൊണ്ടു വന്നുപോയതാണെന്നാണ് അദ്ദേഹം പറഞ്ഞു. അതിനും പുറമെ സബ്കമ്മിറ്റി തയ്യാറാക്കിയതായ ലിസ്റ്റിൽ ഉള്ളതെല്ലാം ചേർക്കുന്നതിനെപ്പറ്റി പരിശോധിക്കാമെന്നും പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: പരിശോധിച്ചു നോക്കാമെന്നു പറഞ്ഞു.

ശ്രീ. ഇ. അഹമ്മദ്: സഭയുടെ ഒരു സബ്കമ്മിറ്റി തീരുമാനിച്ച കാര്യമാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഒരു ഓർഡർ ഇഷ്യുചെയ്തു കഴിഞ്ഞാൽ ടേംസ് ആഫ് റഫറൻസ് മാറ്റുന്നതിനെ സംബന്ധിച്ച് ഉള്ള എല്ലാ കാര്യങ്ങളെയും പറ്റി പരിശോധിക്കാതെ ഈ നിമിഷം ഒരു ഉറപ്പു തരണമെന്നു പറയുന്നതു ശരിയല്ല. അങ്ങുതന്നെ പറഞ്ഞതുപോലെ ഈ സഭയേയോ സഭയുടെ കമ്മിറ്റിയേയോ അവഹേളിക്കുകയെന്നുള്ള ഉദ്ദേശമേ ഇല്ല, 16-ാം തീയതി കിട്ടിയ മറ്റു രേഖകളുടെ കൂട്ടത്തിൽ ഇതും കിട്ടിയിരുന്നെങ്കിൽ അതിനെക്കുറിച്ച് എനിക്ക് പരിശോധിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് ഞാൻ അങ്ങയോടു പറയുന്നതിനു മുമ്പ് ഹോം ഡിപ്പാർട്ടുമെൻറും അസംബ്ലി സെക്രട്ടേറിയറ്റും തമ്മിൽ നടന്നിട്ടുള്ള കത്തിടപാടുകളിൽ, ആ സ്ഥിതി തുടരുകയാണെങ്കിൽ ടേംസ് ആഫ് റഫറൻസ് മോശമായതിൻെറ ഉത്തരവാദിത്വം ഹോം ഡിപ്പാർട്ടുമെൻറിനോ അസംബ്ലി സെക്രട്ടേറിയറ്റിനും സ്പീക്കർക്കുമാണോ എന്ന തർക്കം പോലും വന്നേയ്ക്കാൻ ഇടയുണ്ട്; അത്രയ്ക്ക് ഗൗരവാവഹമാണ് സ്ഥിതിയെന്ന് ഞാൻ അങ്ങയോടു പറയുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിലാണ് അങ്ങ് വേണ്ട ഏർപ്പാടു ചെയ്തത്. നിർഭാഗ്യവശാൽ മേശപ്പുറത്തുവച്ച രേഖകളും മാത്രമേ ആ സമയത്തു കിട്ടിയുള്ളൂ, 18-ാം തീയതിക്കു മുമ്പ് ഓർഡർ ഇഷ്യു ചെയ്യേണ്ടതായതുകൊണ്ട് ഉള്ളതു വച്ചിട്ട് ഓർഡർ ചെയ്യാനുള്ള എല്ലാ പ്രാഥമിക നടപടികളും നടത്തുകയാണ് ചെയ്തത്. 16-ാം തീയതിതന്നെ അതും കിട്ടിയിരുന്നെങ്കിൽ അതുസംബന്ധിച്ച് വേണ്ട നടപടികളും എടുക്കാമായിരുന്നു. അതുകൊണ്ട് ഈ സഭയെ അവഹേളിക്കുകയെന്നുള്ള യാതൊരു ഉദ്ദേശവും എനിക്കില്ല എന്നതു വ്യക്തമാണ്.

ശ്രീ. കെ. കെ. അബു: ശ്രീ. പി. ആർ. കുറുപ്പിനെതിരായി 14 ആരോപണങ്ങളും എൻെറ പാർട്ടിയിൽപ്പെട്ട ശ്രീ. എം. രാമുണ്ണി എഴുതി അങ്ങയ്ക്കു തന്നിട്ടുണ്ട്. അത് ട്രിബ്യൂണലിൻെറ മുമ്പിൽ കൊടുത്തിട്ടില്ലെങ്കിൽ അതു കൊടുക്കുമോ? അതിനെ സംബന്ധിച്ച വിവരങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും അറിയാൻ ആഗ്രഹമുണ്ട്.

മി. സ്പീക്കർ: അതിനെപ്പറ്റി ഒരു ഓർഡർ വന്നുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇനി ഒരു ചർച്ച അനുവദിക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. ടി. വി. തോമസ്: സഭയുടെ തീരുമാനമനുസരിച്ച് സഭയിൽ ഉന്നയിച്ച ആരോപണങ്ങളും മുഴുവൻ നോക്കാൻ സമയം കിട്ടിയില്ലെന്ന ഒഴിവുകഴിവ് കുറച്ചു ബാലിശമായി തോന്നുകയാണ്. കാരണം 18-ാം തീയതി വൈകുന്നേരം ഉത്തരവു പുറപ്പെടുവിച്ചാൽ മതിയായിരുന്നു. 16-ാം തീയതി തന്നെ ഉത്തരവ് ഇറക്കേണ്ട യാതൊരു കാര്യവുമില്ലായിരുന്നു. അതുകൊണ്ട് ഇത് 24-ാം തീയതിവരെ പെൻറിംഗായി വയ്ക്കണമെന്നാണ് എൻെറ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: സർ, നിയമസഭയുടെ സബ്കമ്മിറ്റി നൽകിയ ആരോപണങ്ങളും വൈകിപോയതുകൊണ്ട് അത് ടേംസ് ആഫ് റഫറൻസിൽ ചേർക്കാൻ കഴിഞ്ഞില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിയമസഭയേയോ കമ്മിറ്റിയേയോ അവഹേളിക്കാൻ അദ്ദേഹത്തിന് ഉദ്ദേശമില്ലെന്നും പറഞ്ഞു. അതു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും ഒരു കാര്യം അറിയാൻ ആഗ്രഹമുള്ളതുകൊണ്ട് ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആഭ്യന്തരവകുപ്പുമായി ചേർന്ന് ഇതിനുമുമ്പൊരിക്കൽ ഈ നിയമസഭയിൽ വന്ന ആരോപണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുള്ളതാണ്. എന്നിട്ട് എന്തുകൊണ്ട് നിയമസഭയിൽ ഈ പ്രമേയം വന്നപ്പോഴും അതെങ്കിലും ചേർക്കാതിരുന്നു. പക്ഷപാതപരമായ അഭിപ്രായമുള്ളതു കൊണ്ടാണോ; സംശയം കൊണ്ടു ചോദിക്കുകയാണ്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന തീർത്തും ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങളൊക്കെ പത്രത്തിൽ വായിച്ചതു ശരിയാണെങ്കിൽ അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്, ആരോപണങ്ങളും നിയമസഭയിൽ ലിഖിതം ചെയ്തിട്ടുണ്ട്; അതിൽ ഏതൊക്കെയാണ് ആരോപണങ്ങളെന്ന് ആഭ്യന്തരവകുപ്പു പരിശോധിച്ചു കണ്ടുപിടിച്ചുകൊള്ളണം എന്ന്. അതിന് അങ്ങ് ഹോം ഡിപ്പാർട്ടുമെൻറിനെ കുഷണിക്കുകയും ചെയ്തു. അത്തരം ഒരു കുഷണനം നിയമസഭയുടെ നേതാവായ അങ്ങയുടെ കയ്യിൽ നിന്നും ഉണ്ടായിട്ടും നിശ്ചിത ദിവസം വരെ അതു പരിശോധിക്കാൻ തയ്യാറാകാത്ത ആഭ്യന്തരവകുപ്പിന്റെ കുറ്റകരമായ അനാസ്ഥയ്ക്ക് മുഖ്യമന്ത്രിയല്ലാതെ മറ്റ് ആരാണ് ഉത്തരവാദി ? അതുകൊണ്ട് ഇതിനെ സംബന്ധിച്ച് തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടികളും എടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഈ പ്രമേയം നിയമസഭ പാസ്സാക്കികഴിഞ്ഞ ഉടനെ ആഭ്യന്തര വകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി എനിക്ക് എഴുതി. അതനുസരിച്ച് ആരോപണങ്ങളും ഏതെല്ലാമാണെന്ന് അറിയണമെന്നു പറഞ്ഞ് അങ്ങേയ്ക്ക് എഴുതി. അപ്പോഴും അങ്ങു പറഞ്ഞു, ഹോം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ വന്ന് അതു പരിശോധിക്കണമെന്ന്. അതിനുശേഷം ഞാൻ സെക്രട്ടറിക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും എഴുതി; ടേംസ് ആഫ് റഫറൻസ് ഇഷ്യു ചെയ്യണമെങ്കിൽ ഇതു കൂടിയേ കഴിയു; ഇല്ലെങ്കിൽ എൻക്വയറിതന്നെ ചിലപ്പോൾ ദുർബലപ്പെട്ടുപോകുമെന്ന്. അതിന് എനിക്കു മറുപടികിട്ടിയത് ഹോം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ വന്ന് അതു പരിശോധിച്ച് എടുത്തുകൊണ്ടുപോകണമെന്നാണ്. അതിനുശേഷവും ഞാൻ അങ്ങയ്ക്ക് എഴുതി. അവസാനമായിട്ട് കമ്മിറ്റിയുണ്ടാക്കിയത് 16-ാം തീയതിയാണ്. 18-ാം തീയതിക്കു മുമ്പ് ഓർഡർ ഇഷ്യു ചെയ്യണം. നിയമസഭയിൽ പ്രമേയം പാസ്സായോ ഇല്ലയോ എന്നുള്ളതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുകൊണ്ട് ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ മുഖ്യമന്ത്രിയുടെ തലയിൽ വയ്ക്കുന്നതിന് ശ്രമിക്കുന്നതു ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: നിയമപരമായി, ഇവിടെ വന്നു പരിശോധിക്കാൻ എന്താണ് തടസ്സം.

ശ്രീ. ജോർജ്ജ് തോമസ്: സ്പീക്കറുടെ കുറ്റം കൊണ്ടാണ് ഇതു സംഭവിച്ചതെന്നാണ് അതിന്റെ അർത്ഥം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 18–ാം തീയതിക്കു മുമ്പേ നടപടികളും സ്വീകരിക്കണമെന്ന ഒരു പ്രമേയമാണു് ഇവിടെ പാസ്സാക്കിയതു്.

(''പാസ്സാക്കി'' എന്നു പറഞ്ഞു കഴിഞ്ഞപ്പോഴും മറ്റു ചില അംഗങ്ങളും എന്തോ വിളിച്ചു പറഞ്ഞു.)

പാസ്സാക്കിയെന്നു് ഞാൻ പറഞ്ഞതുകൊണ്ടു് ഞാൻ സമ്മതിച്ചു എന്ന വിധത്തിൽ ധരിക്കേണ്ട. അങ്ങനെയുള്ള പ്രമേയം 18–ാം തീയതിക്കു മുമ്പിൽ നടപ്പിലാക്കിയില്ലെങ്കിൽ എന്നുള്ള ഭീഷണിയുടെ മുമ്പിലാണു് ഈ പ്രമേയത്തെ സംബന്ധിച്ചുള്ള നടപടിയുടെ പ്രശ്നം വരുന്നതു്. ആ സമയത്തു് ഈ നടപടി.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഈ സഭ പാസ്സാക്കിയ ഒരു പ്രമേയം പാസ്സാക്കിയോ ഇല്ലയോ എന്ന സംശയപ്രകടനത്തോടുകൂടിയ വാദഗതികളും ഉന്നയിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ നടപടികളും നടത്തിക്കഴിഞ്ഞു. പിന്നെ ഇങ്ങനെ പറഞ്ഞതുകൊണ്ടു് കാര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 18–ാം തീയതിക്കുമുമ്പു് നടപടിയെടുക്കണമെന്നുണ്ടെങ്കിൽ അതിനാവശ്യമായ വിവരങ്ങളും പ്രമേയം പാസ്സാക്കിയ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും കിട്ടണം. അതു കിട്ടാതെ വന്നപ്പോൾ ആഭ്യന്തരവകുപ്പിലെ ആഫീസർന്മാരെ.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഈ സഭയിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിക്കു് എതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന പ്രമേയം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി പരിശോധിച്ചതിനു ശേഷം ടേംസ് ഓഫ് റഫറൻസിൽ കൈയിലുള്ള രേഖകളിലുള്ള കാര്യങ്ങളും പോലും ഉൾക്കൊള്ളിക്കാതെ റിക്കാർഡുകളും കിട്ടിയില്ലെന്നു് അസത്യപ്രസ്താവന ചെയ്യുന്നതു ശരിയാണോ?

മി. സ്പീക്കർ: അസത്യപ്രസ്താവനയെന്നൊന്നും പറയണ്ട. അതിനെ സംബന്ധിച്ചു് ഇവിടെ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് പോയിന്റു് ഓഫ് ഓർഡർ ഉന്നയിക്കേണ്ട കാര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അപ്പോൾ ഇവിടെ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിനു് ആസ്പദമായിട്ടുള്ള രേഖകളും ആവശ്യപ്പെട്ടുകൊണ്ടു് എഴുതുകയും അതിനുശേഷം ബഹുമാനപ്പെട്ട ഡപ്യൂട്ടി സ്പീക്കർ അതിനെ സംബന്ധിച്ചു് ഒരു പ്രസ്താവന ഇവിടെ ചെയ്യുകയും ചെയ്തു. ആഭ്യന്തരവകുപ്പിനു് ആവശ്യമാണെങ്കിൽ രേഖകളും ഈ സെക്രട്ടേറിയറ്റിൽ വന്നു് എടുത്തുകൊണ്ടു പോകണമെന്നു പറഞ്ഞപ്പോൾ ആഭ്യന്തരവകുപ്പും ഈ സെക്രട്ടേറിയറ്റും തമ്മിൽ തർക്കിച്ചു് വിവരം കിട്ടാതെ പോവുകയും 18–ാം തീയതിക്കു് മുമ്പു് ഉത്തരവു പുറപ്പെടുവിക്കാൻ കഴിയാതെവരികയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം തന്റെ തലയിൽ കെട്ടിവയ്ക്കാൻ സാദ്ധ്യമല്ലെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട സ്പീക്കറോടു് മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. ആ വിവരം ബിസിനസ് അഡ്വൈസറി കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിൽ ചീഫ് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ചെയ്തു. അപ്പോഴാണ് ഇതുസംബന്ധിച്ച രേഖകൾ കൊടുക്കേണ്ട ആവശ്യകതയെപ്പറ്റി ഞാൻ നല്ലതുപോലെ പറയുകയുണ്ടായി. 18-ാം തീയതിക്കുമുമ്പ് ഇതു കിട്ടാതെ വരുകയും ഉത്തരവു പുറപ്പെടുവിക്കാൻ കഴിയാതെ വരികയും ചെയ്താൽ അത് മറ്റൊരു കുറ്റത്തിന് വഴി തെളിക്കും. ആ സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അങ്ങയോട് ഇതിനെപ്പറ്റി സംസാരിച്ചു. എന്നാൽ രേഖകൾ കിട്ടുന്നത് വളരെ താമസിച്ചാണ്. ആ രേഖകൾ പരിശോധിക്കാതെ ഉത്തരവാദിത്വമുള്ള ഒരു മുഖ്യമന്ത്രിക്ക് ഇപ്പോൾതന്നെ ഒരു ഉറപ്പ് ഈ സഭയിൽ പറയാൻ ഒക്കുകയില്ല.

(പല അംഗങ്ങളും എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ആരോപണങ്ങൾ എത്തെല്ലാമാണെന്ന് പരിശോധിക്കാൻ അങ്ങയുടെ നിർദ്ദേശമനുസരിച്ച് രൂപീകരിച്ച സബ്കമ്മിറ്റിയിലെ സ്ഥാനം നിരസിച്ചുകൊണ്ട് അതിനു സാദ്ധ്യമല്ലെന്നു പറഞ്ഞ ഒരു മെമ്പർ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഉത്തരവാദിത്വം ഏൽക്കാൻ ഞങ്ങൾ തയ്യാറില്ലാത്തതുകൊണ്ടുതന്നെ.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒക്ടോബർ 3-ാം തീയതി അന്നു നിലവിലിരുന്ന മന്ത്രിസഭയിലെ ഒരംഗമായിരുന്ന ആരോഗ്യമന്ത്രിയുടെ പേരിൽ ഈ നിയമസഭയിൽ ഉണ്ടായിട്ടുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന് ഈ നിയമസഭ ഒരു പ്രമേയം പാസ്സാക്കിയതിനുശേഷം 17-ാം തീയതി ഉത്തരവു കൊടുക്കുന്നതിനുമുമ്പ് മന്ത്രിസഭ ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും ആലോചിക്കുകയോ നടപടികളെപ്പറ്റി ചിന്തിക്കുകയോ ചെയ്തിട്ടുണ്ടോ ? ഈ പ്രമേയം പാസ്സായി ഏതാനും മിനിട്ടുകൾക്കകം 6-ാം തീയതി കൂടാനിരുന്ന മന്ത്രിസഭായോഗം മാറ്റിവയ്ക്കാൻ കാരണമെന്താണ് ?

ശ്രീമതി കെ. ആർ. ഗൗരി: അന്ന് മന്ത്രിസഭായോഗം വിളിച്ചിരുന്നത് ഞാനാണ്. അന്നത്തെ നിലയിൽ മന്ത്രിസഭായോഗം കൂടേണ്ട കാര്യമില്ലായിരുന്നു. പ്രമേയം പാസ്സാക്കിയോ ഇല്ലയോ എന്നുള്ളതിലേയ്ക്കൊന്നും ഞാൻ.....

ശ്രീ. കെ. എം. മാണി: സർ, അതു പിൻവലിക്കണം.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സർ, ഈ സഭ ഒരു കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുകയും ആ തീരുമാനം സഭ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി നടത്തുകയും ചെയ്തതിനുശേഷം ആ തീരുമാനം എടുത്തിട്ടുണ്ടോ ഇല്ലയോ എന്നു റഫർ ചെയ്യുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ: ഇനിയിപ്പോൾ അതു പറഞ്ഞതുകൊണ്ടു കാര്യമില്ല.

ശ്രീ. പി. എം. അബൂബേക്കർ: സർ, ഇതിനൊരു റൂളിംഗ് തരണം.

ശ്രീ. കെ. എം. മാണി: സർ, ഇതിനൊരു റൂളിംഗ് തരണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇതിനൊരു റൂളിംഗിന്റെ ആവശ്യമില്ല.

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഞാൻ പറഞ്ഞു കഴിയട്ടെ. ഇതു സംബന്ധിച്ചുള്ള കത്തിടപാടുകളും എന്റെ കൈവശമുണ്ട്. ആ കത്തിടപാടുകളിൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നതിനു മുൻപ് പ്രമേയത്തെപ്പറ്റി ഗവൺമെന്റ് എടുത്തിരുന്ന നിലപാടും മുഖ്യമന്ത്രി വന്നതിനു ശേഷം എടുത്ത നിലപാടും തമ്മിൽ വളരെ വ്യത്യാസമുണ്ട്. 15-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എനിക്കയച്ച കത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

"The Secretary of the Legislative Assembly has forwarded under Rule 217 of the Rules of Procedure a copy of the Resolution said to have been passed in the Assembly on 3-10-1969".

(shame, shame, shame)

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. 15-ാം തീയതിവരെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കും പ്രമേയം പാസ്സായില്ലെന്നുള്ള അഭിപ്രായമാണ് ഉണ്ടായിരുന്നത് എന്നുള്ളതു ഇതിൽനിന്നു വ്യക്തമാണ്. എന്നാൽ മുഖ്യമന്ത്രി വന്നതിനുശേഷം പ്രമേയം പാസ്സായി എന്നുള്ള നിലയിൽ സംസാരിക്കാമെന്നു പ്രസ്താവിച്ചിട്ടുള്ളതു ഒരു വസ്തുതയാണ്.

അതുപോലെതന്നെ അസംബ്ലിയുമായി കത്തിടപാടുകളും നടന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. പ്രമേയം പാസ്സായിക്കഴിഞ്ഞതിനുശേഷം എനിക്ക് ആദ്യമായി കിട്ടുന്ന കത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എം. കെ. കൃഷ്ണൻനേരത്താണ്. ആ കത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്.

'I wish to have a true copy of all the allegations so far raised on the floor of the Assembly against the Ministers in the present Ministry by 7-10-1969'.

ഇത് 4-ാം തീയതി എഴുതിയതാണ്. എനിക്ക് 5-ാം തീയതി കിട്ടി. കഴിഞ്ഞ 31 മാസക്കാലമായി ഇവിടെ നടന്ന സഭാനടപടികളും, അതായത് പത്തു പതിനെണ്ണായിരം പേജുള്ള സഭാനടപടികളും പരിശോധിച്ച് ഏതെല്ലാം മന്ത്രിമാരെക്കുറിച്ച് എന്തെല്ലാം പറഞ്ഞിട്ടുണ്ടെന്നുള്ളതു കണ്ടുപിടിച്ച് ഒരു റിപ്പോർട്ടു തയ്യാറാക്കിക്കൊടുക്കണമെന്ന് ലെജിസ്ലേച്ചർ സെക്രട്ടേറിയറിനോട് പറഞ്ഞു. ലെജിസ്ലേച്ചർ സെക്രട്ടേറിയറ് മറുപടി പറഞ്ഞു. It is impossible for one thing, for another thing it is not the duty of the Legislature Secretariat to pick and choose which are allegations and which are not allegations. ഏതെല്ലാമാണ് അലിഗേഷൻസ് ഏതെല്ലാമാണ് അലിഗേഷൻസ് അല്ലാത്തത് എന്നുള്ളതെല്ലാം നിശ്ചയിക്കേണ്ടത് ഗവൺമെന്റാണ്. അതുകൊണ്ട് ഗവൺമെന്റ് ഉത്തരവാദിത്വമുള്ള ആഫീസർമാരെ അയയ്ക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ പ്രൊസീഡിംഗ്സ് വായിച്ചു നോക്കാനുള്ള അവസരം കൊടുക്കാമെന്ന് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് പറഞ്ഞു. അലിഗേഷൻസ് ഏതൊക്കെയാണെന്നു തെരഞ്ഞെടുക്കേണ്ടത് ലാ ഡിപ്പാർട്ടുമെൻറാണ്. അതുകൊണ്ട് ഉദ്യോഗസ്ഥൻമാരെ പറഞ്ഞയയ്ക്കണമെന്നു പറഞ്ഞ് 5-ാം തീയതി തന്നെ മറുപടി അയച്ചിട്ടുണ്ട്. അതിനുശേഷമാണ് ഈ കത്തിടപാടുകളെല്ലാമുണ്ടായിട്ടുള്ളത്. ഒരു കാര്യം ദയവായി ബഹു. മെംബർമാർ ധരിക്കണമെന്ന് എനിക്കൊരപേക്ഷയുണ്ട്. അലിഗേഷൻസ് കണ്ടുപിടിച്ചെടുക്കുന്നത് ലെജിസ്ലേച്ചർ സെക്രട്ടേറിയറിന്റെ ജോലിയല്ല. ഈ സെക്രട്ടേറിയറിനെ സംബന്ധിച്ചിടത്തോളവും എന്നെ സംബന്ധിച്ചിടത്തോളവും എല്ലാ മെംബർമാരും അലിഗേഷൻസൊന്നുമില്ലാതെ വളരെ അന്തസ്സോടെ യോഗ്യൻമാരായിരിക്കുന്നവരാണ്. ഇവിടെ ഇതുവരെ അലിഗേഷൻസ് കണ്ടുപിടിക്കാൻ തുനിഞ്ഞിട്ടില്ല; ഇനി തുനിയുകയുമില്ല. എല്ലാ മെമ്പർമാരോടും വളരെ സ്തുത്യർഹമായ രീതിയിൽ പെരുമാറിയിട്ടുള്ള സെക്രട്ടേറിയറാണ് ഈ സെക്രട്ടേറിയറ്. ഞാൻ മാത്രമല്ല വളരെയധികം സ്പീക്കർമാർ ഇതിനു മുൻപ് ഇവിടെ ഇരുന്നിട്ടുണ്ട്. അവരെല്ലാം ഈ സെക്രട്ടേറിയറിന്റെ നിഷ്പക്ഷതയെക്കുറിച്ച് അങ്ങേയറ്റം പ്രശംസിച്ചിട്ടുമുണ്ട്. അത് ഒരു ദീർഘ പാരമ്പര്യമാണ്. അതുകൊണ്ടു അസംബ്ലി സെക്രട്ടേറിയറിനെ പറഞ്ഞിട്ടു കാര്യമില്ല. ഈ സെക്രട്ടേറിയറ് അലിഗേഷൻസ് കണ്ടുപിടിക്കാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നതിനുശേഷം അദ്ദേഹം വരുന്നതിനു മുമ്പുണ്ടായിരുന്ന അഭിപ്രായമൊക്കെ മാറിയിട്ടുണ്ട്. അഴിമതിയാരോപണ വിധേയരായവരുടെ മേൽ ആക്ഷൻ എടുക്കണമെന്നുള്ള നിലപാടിൽ അദ്ദേഹം എന്നെകണ്ടു. ഞാൻ എന്നാലാകുന്ന അങ്ങേയറ്റത്തെ സഹകരണം നൽകുന്നതിനുവേണ്ടി ഇവിടെ ബിസിനസ് അഡൈ്വസറി കമ്മിറ്റി വിളിച്ചുകൂട്ടി. 17-ാം തീയതി ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് റിക്കാർഡു മുഴുവനും പരിശോധിച്ച് അതിലെ പ്രസക്തമായ ഭാഗങ്ങൾ എടുത്ത് ഒരു റിപ്പോർട്ടു തയ്യാറാക്കി ഇവിടെ വച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർമാർക്കു വിതരണം ചെയ്യുന്നതിൽ എനിക്കു വിരോധമൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ല. അദ്ദേഹം പറഞ്ഞു അദ്ദേഹത്തിന് കുറച്ചൊക്കെ സാവകാശം വേണമെന്ന്. അത് തീർച്ചയായിട്ടും അംഗീകരിക്കേണ്ട കാര്യമാണ്, ഞാൻ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രമാത്രമേ എനിക്ക് ഇതേസംബന്ധിച്ച് പറയാനുള്ളൂ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, അങ്ങ് പറഞ്ഞതുപോലെ പത്തുമുപ്പതു മാസക്കാലം നടന്നിട്ടുള്ള ഈ സഭാനടപടികളുടെ ആയിരക്കണക്കിനു പേജുകളൊക്കെ വായിച്ചുനോക്കി ആരുടെയെല്ലാം പേരിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉള്ളതെന്നു നോക്കേണ്ട ചുമതല അസംബ്ലി സെക്രട്ടേറിയറിനാണ് അല്ലെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. അത് ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ ആർക്കാണ് ഇതിന്റെ ഉത്തരവാദിത്വം? ഹോം ഡിപ്പാർട്ടുമെൻറിലെ ആഫീസർമാർക്ക് ഈ സഭാനടപടികളും സംബന്ധിച്ച റിക്കാർഡുകളുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിക്ക് 4-ാം തീയതിതന്നെ അവർ നിയമസഭയിൽ വന്നുവെന്നു കണക്കാക്കുക. 3-ാം തീയതിമുതൽ 17-ാം തീയതിവരെയുള്ള നടപടികളും ആയിരക്കണക്കിനു പേജുകളുണ്ട്. പതിനെണ്ണായിരത്തിൽപരം പേജുകളുണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട വെല്ലിംഗ്ടനെപ്പറ്റിയുള്ളതു മാത്രമായാലും കുറെ പേജുകളും കാണുമല്ലോ. അതിൽനിന്നെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

പെറുക്കിയെടുത്ത് ആരോപണങ്ങളും എന്തെല്ലാമാണെന്നു കണ്ടുപിടിച്ചു കൊള്ളണമെന്ന് പറഞ്ഞു, ആവശ്യം ഉന്നയിക്കുന്നത് അസംബ്ലി സെക്രട്ടേറിയറ്റിന്റെ നേരെ കാണിക്കുന്ന അനീതിയാകുമെന്നുള്ളതുപോലെ, ആരോപണങ്ങളും എന്തെന്നു വ്യക്തമായി പറയാതെ, റസല്യൂഷൻകൊണ്ട് ഉദ്ദേശിച്ചത് എന്താണെന്നു പറയാതെ ഈ കടലാസുകളെല്ലാം പരതി കണ്ടുപിടിക്കുന്നതിനുള്ള ചുമതല ഹോം ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുന്നത് അതിലെ ഉദ്യോഗസ്ഥൻമാരോടു കാണിക്കുന്ന അനീതിയായിരിക്കും. ഇതെല്ലാം ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഞാൻ ഈ സഭയുമായും അങ്ങുമായും സഭയുടെ സെക്രട്ടേറിയറ്റുമായും ഒരുവശത്തും, അതേയവസരത്തിൻ ഹോം ഡിപ്പാർട്ടുമെന്റുമായി മറെറാരുവശത്തും ബന്ധപ്പെട്ടിട്ടുള്ള ഒരാളായതുകൊണ്ട് രണ്ടുവശത്തുമുള്ള വിഷമങ്ങളും എനിക്കു മനസ്സിലാകും. അതു മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ പറയുന്നത്. ഇവിടെ നിന്നു പ്രമേയം അയച്ചു. ആ പ്രമേയത്തിൽ പറയുന്നത് ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ സഭയിലുന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെപ്പററി അന്വേഷിക്കണമെന്നാണ്. ആ പ്രമേയം നടപ്പാക്കണമെന്നാണ് നിർദ്ദേശം, ആ പ്രമേയം നടപ്പാക്കണമെങ്കിൽ ആരോപണങ്ങളും എന്തൊക്കെയാണെന്നു കണ്ടുപിടിക്കുകയാണ് ആദ്യമായി വേണ്ടത്. അതു കണ്ടുപിടിക്കുന്നതാരാണ്? ഞാൻ കുറെം പറയുന്നില്ല, എങ്കിലും ''നിങ്ങളും ഇവിടെവന്നു കണ്ടുപിടിച്ചുകൊള്ളണം'' എന്നു പറഞ്ഞിരിക്കുന്നത് ഒരു സഹായകരമായ നിലപാടാണോ? ഈ സംഗതിയിൽ പൊതുജനങ്ങളും എന്തു ധരിക്കും? ഞാൻ പറഞ്ഞത് 18-ാംതീയതിക്കു മുൻപ് ഉത്തരവു പാസ്സാക്കാതിരിക്കുകയോ ഉത്തരവു പാസ്സാക്കിയശേഷം അതിൽ വല്ല കുറവുകളും കാണുകയാണെങ്കിലോ അതിന്റെ ആദ്യത്തെ ഉത്തരവാദിത്വം എനിക്കായിരിക്കും. എന്നാൽ ഈ വസ്തുതകളെല്ലാം മനസ്സിലാക്കുന്ന അവസരത്തിൽ രണ്ടാമത്തെ ഉത്തരവാദിത്വമെങ്കിലും അങ്ങയ്ക്കും അസംബ്ലി സെക്രട്ടേറിയറ്റിനും ഉണ്ടായിരിക്കുമെന്നുള്ള ഗൗരവാവഹമായ സ്ഥിതി ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് ഉത്തരവ് ചോദ്യം ചെയ്യപ്പെടാനിടയില്ലാത്ത രീതിയിൽ, അസംബ്ലിയുടെ മേശപ്പുറത്തു വെച്ച ആരോപണങ്ങളെങ്കിലും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓർഡർ പറഞ്ഞസമയത്ത് പാസ്സാക്കാൻ കഴിഞ്ഞത്. മറെറുള്ളവ ഞാൻ നേരത്തെ പറഞ്ഞതുപോലെ അവസാന നിമിഷത്തിൽ കിട്ടിയതുകൊണ്ട് പരിശോധിച്ച് ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ല. ഇതാണ് യാഥാർത്ഥ്യം. ഇതിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സഭയോടു യാതൊരു അനാദരവും എനിക്കില്ല.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ഹൗസ് ഒരു പ്രമേയം പാസ്സാക്കിയിട്ട് ആ പ്രമേയത്തിൽ പറയുന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നു പറയുകയും ഹോം ഡിപ്പാർട്ടുമെൻറിന് അന്വേഷിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് സ്പീക്കർ ഒരു കമ്മിററിയെ തിരഞ്ഞെടുത്തശേഷം കമ്മിററി ആരോപണങ്ങളും ഇന്നതിന്നതാണെന്നു പറയുകയും ചെയ്തു കഴിഞ്ഞാൽ അതിൽ ചിലത് അവഗണിക്കുകയും ചിലത് അംഗീകരിക്കുകയും ചെയ്ത നടപടി സഭയുടെ പ്രിവിലേജിനെ ബാധിക്കുന്നതാണോ അല്ലയോ എന്നുള്ളതാണ് പ്രശ്നം. ഈ പ്രിവിലേജുമോഷൻ പെൻഡൻസിയിൽ വയ്ക്കുന്നതല്ലേ ശരി ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ പ്രശ്നം തന്നെ ഇവിടെ ഡിസ്കസ് ചെയ്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പോയിൻറ് ഓഫ് ഓർഡറിന്റെ പ്രശ്നമൊന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു പകുതിയേ ആയുള്ളൂ. ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസ്ഥാവനയിൽ.....

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുകയാണ്.....

ശ്രീ. എം. രാമുണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. നിലവിലുള്ള നടപടിച്ചട്ടങ്ങൾപ്രകാരം, മന്ത്രിമാരുടെപേരിൽ ആരോപണങ്ങൾ വരികയാണെങ്കിൽ ന്യായമായ തെളിവുകൾ നേരത്തേ സ്പീക്കർക്ക് എഴുതിക്കൊടുക്കണമെന്നുണ്ട്. ഈ തെളിവുകൾ സ്പീക്കറുടെ പക്കലുണ്ടായിരുന്നോ; ഉണ്ടായിരുന്നെങ്കിൽ അത് കൊടുക്കാമായിരുന്നില്ലേ?

മി. സ്പീക്കർ: ആ കഥയൊക്കെ കഴിഞ്ഞു. ഇപ്പോൾ കമ്മിറ്റി നിയമിച്ചിരിക്കുകയാണ്.

ശ്രീ. എം. രാമുണ്ണി: സർ, എന്റെ പോയിൻറ് ഓഫ് ഓർഡർ അതല്ല.

മി. സ്പീക്കർ: അതിൽ പോയിൻറ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു നിയമസഭാംഗം പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ മറ്റംഗങ്ങൾ ഇടപെട്ടാൽ പകുതിവെച്ചു നിറുത്താമോ?

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കരുണാകരന്റെ പ്രിവിലേജു മോഷനെ സംബന്ധിച്ച്, കമ്മിറ്റിയോടോ സഭയോടോ ഒരു അനാദരവും ഇല്ലെന്നു പറയുന്നത് അദ്ദേഹം 17-ാം തീയതി നിയമസഭയിൽ ചെയ്ത ഗൗരവതരമായ പ്രസ്താവനയുമായി നോക്കുമ്പോൾ പൂർവ്വാപരവിരുദ്ധമാണ്. അതിൽനിന്നും വ്യക്തമാകും അദ്ദേഹത്തിന്റെ നിലപാട് എന്താണെന്ന്. അതെന്താണെന്നുവച്ചാൽ ശ്രീ. വെല്ലിംഗ്ടന്റെ അഴിമതികളെപ്പറ്റി ഈ സഭയിൽനിന്ന് അയച്ച ലിസ്റ്റ് ഫൈനൽ ഓർഡർ പാസ്സാകുന്നതിനുമുൻപ് അദ്ദേഹത്തിനു കിട്ടിയിരുന്നു. അത് അദ്ദേഹം സമ്മതിക്കുന്നു; എന്നാൽ അത് പരിശോധിച്ച് അതേപ്പറ്റി ഒരു അവസാന തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ അദ്ദേഹം പതിനേഴാം തീയതി പറഞ്ഞത് വെല്ലിംഗ്ടൻ ഉൾപ്പെടെ 4 മന്ത്രിമാരുടെ പേരിൽ പ്രൈമാഫേസി കേസുണ്ടോ എന്നു നോക്കിയിട്ടില്ല, സമയമില്ലാത്തതുകൊണ്ട് ഒരുപോലെ ഓർഡറിടുകയാണ് എന്നാണ്. ചുരുക്കത്തിൽ വെല്ലിംഗ്ടന്റെ പേരിൽ സൂക്ഷ്മ പരിശോധന നടത്തി കേസുണ്ടോ എന്നു കണ്ടുപിടിക്കണം, മറ്റു മന്ത്രിമാരുടെപേരിൽ ഒറ്റയടിക്ക് ബ്ലാങ്കറ്റ് ഓർഡറിടണം ഇതാണ് നിലപാട്. സഭയുടെ സ്പെഷ്യൽ കമ്മിറ്റിയെ നിയമിച്ച് അവർ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് റിക്കാർഡുകളിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

തിരഞ്ഞെടുത്തു വ്യക്തമായി അയച്ച ആരോപണങ്ങൾ ഉൾപ്പെടുത്താതിരിക്കുകയും അതേസമയം—ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല— ശ്രീ. എം. എൻ. ഗോവിന്ദൻനായരേയും ശ്രീ. ടി. വി. തോമസിനെയും പോലുള്ളവരുടെ പേരിൽ യാതൊരാലോചനയും കൂടാതെ അന്വേഷണത്തിന് ഓർഡറിടാൻ ഒരു വൈമുഖ്യവും കാണിക്കാതിരിക്കുകയുമാണ് ചെയ്തത്. ഈ സഭയുടെ സ്പെഷ്യൽ കമ്മിറ്റി തിരഞ്ഞെടുത്തു കൊടുത്ത ലിസ്റ്റ് അവഗണിച്ചത് മനഃപൂർവ്വമാണ്. പൂർവ്വാപരവിരുദ്ധമായി അദ്ദേഹം പറയുന്നതിൽനിന്നുതന്നെ, ബ്രീച്ച് ഓഫ് പ്രിവിലേജ് ഉണ്ടെന്നു കാണാം. ഇത് ഒന്നുകിൽ പ്രിവിലേജു കമ്മിറ്റിയോ അല്ലെങ്കിൽ സഭയോ പരിശോധിച്ചശേഷമല്ലാതെ തീരുമാനിക്കാൻ പാടില്ലാത്തതാണ്

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് ഒരു ചോദ്യം ചോദിച്ചു. അങ്ങനെ പകുതിയാക്കി നിറുത്തിയതാണ്.

എന്തുകൊണ്ട് ക്യാബിനറ്റുകൂടി ആലോചിച്ചില്ല എന്നു ശ്രീ. ദിവാകരൻ ചോദിച്ചു. ഇവിടെ ക്യാബിനറ്റു കൂടുകയോ ആലോചിക്കുകയോ ചെയ്യുന്ന പ്രശ്നമേയില്ല. എന്താണ് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് ? കമ്മീഷൻ ഓഫ് എൻക്വയറി ആക്റ്റ് സെക്ഷൻ 3 അനുസരിച്ചു അന്വേഷണം നടത്താനുള്ളതാണ്. Section-ൽ പ്രമേയം പാസ്സായാൽ shall enquire എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ നടപടി നടത്തേണ്ട ഒരു കാര്യത്തിൽ Cabinet എന്തിനു കൂടണം. മന്ത്രിസഭായോഗം മാറ്റിവയ്ക്കാൻ ഇതുമായി ബന്ധപ്പെടുത്തേണ്ട യാതൊരു കാര്യവുമില്ല. പ്രമേയം പാസ്സായതായി Speaker രുടെ announcement പത്രത്തിൽ വന്നതിനുശേഷം Shri M. K. Krishnan രണ്ടെഴുത്തെഴുതി. ഒന്ന് Secretary ക്ക്, മറ്റൊന്ന് Speaker ക്ക്. രണ്ടിനും മറുപടി പറഞ്ഞത് ഹോം ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥൻമാർ നിയമസഭയിൽ വന്ന് ആരോപണങ്ങൾ സഭാ proceedings അച്ചടിക്കാത്തത് prcceedings നോക്കി തയ്യാറാക്കിക്കൊണ്ടു പോകണമെന്നാണ്. ഇതിനുശേഷം 12-10-1969-ലും, 15-10-1969-ലും Speaker ക്ക് ആരോപണങ്ങൾ എന്താണെന്നറിയിക്കണമെന്ന് കാണിച്ച് ഞാൻ രണ്ടെഴുത്തെഴുതി. ബഹുമാനപ്പെട്ട Speaker പഴയനിലപാടിൽതന്നെ നിന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ഹൗസ് പാസ്സാക്കിക്കഴിഞ്ഞാൽ ഗവൺമെന്റ് നടപടിയെടുക്കേണ്ടതാണെന്നു പറഞ്ഞു. ഗവൺമെന്റ് എന്നുപറയുന്നത് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സാണോ, അല്ലേ?

മി. സ്പീക്കർ: നമുക്ക് ഈ സഭ സംബന്ധിച്ച കാര്യങ്ങളേ ഉള്ളു. ഗവൺമെന്റ് ഏതു നിലയിൽ കൈകാര്യം ചെയ്യുന്നുവെന്നു നാം അന്വേഷിക്കേണ്ടതില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങനെയാണെങ്കിൽ സഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം Cabinet മറുപടിപറയണം. ചോദ്യവും Council of Ministers നോടു വേണം. എങ്ങനെ നടപടി എടുക്കണമെന്ന് ഞങ്ങൾ തീരുമാനിക്കാം. ഇതിനുമുൻപ് ശ്രീ. പി. കെ. കുഞ്ഞിന്റെപേരിൽ എടുത്ത അന്വേഷണ നടപടിയെപ്പറ്റി ഇവിടെ സംസാരിക്കുകയുണ്ടായി. രണ്ടിന്റെയും വ്യത്യാസം ഇതിനുമുൻപ് പറഞ്ഞു കഴിഞ്ഞതാണ്. എങ്ങനെയാണ് നടപടികൾ സ്വീകരിച്ചതെന്നും പറഞ്ഞു. നടപടിയെടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു നിർബന്ധമുള്ളതുകൊണ്ടു അച്ചടിച്ചിട്ടില്ലാത്ത പ്രൊസീഡിംഗ്സിന്റെ കോപ്പി അയച്ചുതരണമെന്നാവശ്യപ്പെട്ടു. എന്നുവച്ചാൽ നിയമസഭാ സെക്രട്ടേറിയറ്റ് അറെസ്റ്റു ചെയ്ത കോപ്പി അയയ്ക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതു പറ്റുകയില്ലെന്നു മറുപടി പറഞ്ഞു. ഇത് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയത് 15-ാം തീയതിയാണ്. അതെല്ലാം കഴിഞ്ഞശേഷം 17-ാം തീയതി അവസാനനിമിഷമാണ് കമ്മിറ്റിയിയുണ്ടാക്കിയത്. കമ്മറ്റിയുടെ അധികാരം എന്തെന്നു കോടതി തീരുമാനിക്കും. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് തന്നെയാണ് നടപടി നടത്തുന്നത് എന്നുപറഞ്ഞാൽ എങ്ങനെ അംഗീകരിക്കും. പ്രമേയം support ചെയ്തത് ശ്രീ. സി. എച്ച് മുഹമ്മദുകോയയാണ്. ഭരണകക്ഷി മെമ്പറാണ് പ്രമേയം അവതരിപ്പിച്ചത്. സപ്പോർട്ടുചെയ്തു പ്രസംഗിച്ചത് ഭരണകക്ഷിയിൽപെട്ട അംഗങ്ങളാണ്. പ്രമേയം പാസ്സാക്കിയതായി പറയുന്നത്.....

(ബഹളം)

ശ്രീ. എൻ. കെ. ശേഷൻ: സർ, മൂന്നാമത്തെ പ്രാവശ്യമാണ്, നിയമസഭയ്ക്കകത്ത് പാസ്സാക്കിക്കഴിഞ്ഞ ഒരു പ്രമേയത്തെപ്പറ്റി, 'പാസ്സാക്കിയതായിപ്പറയുന്ന' എന്ന മട്ടിൽ പറയുന്നത്. ഇത് ഓർഡറിലാണോ?....

(ബഹളം)

ശ്രീമതി കെ. ആർ. ഗൗരി: എനിക്കങ്ങനെ പറയാനാണ് മനസ്സ്. നിർബന്ധിച്ചു പറയിപ്പിക്കുമെങ്കിലാകട്ടെ. എതായാലും മെമ്പർ റൂൾ എന്നെ പഠിപ്പിക്കണ്ട.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ശ്രീ. വെല്ലിംഗ്ടന്റെ പേരിലുണ്ടായ ആരോപണങ്ങളെ സംബന്ധിച്ച അന്വേഷണ ഉത്തരവ് രാമേശ്വരത്തെ ക്ഷൗരംപോലെ കുറച്ചുമാത്രം പുറപ്പെടുവിക്കുകയും ബാക്കി പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യാനുണ്ടായ കാരണം പറഞ്ഞത് ആരോപണങ്ങളം അയച്ചുകൊടുത്തത് എതാനും മണിക്കൂറുകളം താമസിച്ചുപോയി എന്നാണ്. വളരെ സങ്കുചിതമായ സാങ്കേതികവാദത്തിൽ തൂങ്ങിക്കൊണ്ട്, ശ്രീ. വെല്ലിംഗ്ടന്റെ പേരിലുള്ള ഗൗരവാവഹങ്ങളായ ചാർജ്ജുകളിൽ പത്തുപന്ത്രണ്ടെണ്ണം വിട്ടുകൊടുത്തിട്ട് അതിന്റെ ഉത്തരവാദിത്വം വേറെ ആരുടെയെങ്കിലും പേരിൽ ചുമത്താമോ, കഴിയുമെങ്കിൽ നിയമസഭാസെക്രട്ടേറിയറ്റിന്റെ പേരിൽ ചുമത്താൻ കഴിയുമോ എന്നുള്ള വാദപ്രതിവാദമാണിവിടെ നടക്കുന്നത്. ഞാൻ ആ വാദപ്രതിവാദം നീട്ടാൻ തയ്യാറാകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് വളരെ ക്ളീയറായി അറിയേണ്ടത്, ബാക്കിയുള്ള ചാർജ്ജുകളംകൂടി—നിയമസഭാ സബ് കമ്മിറ്റി കൊണ്ടുവന്നപ്പോൾ താമസം വന്നുപോയി എന്നാണല്ലോ പറയുന്നത്, താമസിച്ചുകിട്ടിയ ആ ചാർജ്ജുകളംകൂടി—രണ്ടാമത് ഉൾക്കൊള്ളിച്ചുകൊണ്ട് ''ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ഞാൻ രണ്ടാമത് ഒരു എൻക്വയറി ആർഡർ ചെയ്യുന്നതാണ്'' എന്ന് ഈ സഭയോടു പറയാൻ തയ്യാറാകുമോ എന്നാണ്. അങ്ങനെ പറയുന്നതായാൽ, ഈ കാര്യത്തിൽ സഭയെ യാതൊരുവിധത്തിലും അനാദരിക്കാൻ മുഖ്യമന്ത്രി ശ്രമിച്ചിട്ടില്ലെന്ന് അങ്ങനെ പറയുന്നതുവഴി തെളിയിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നതായാൽ ഈ കുഴപ്പത്തിൽനിന്ന് നമുക്ക് ഒഴിഞ്ഞുമാറാം. കിട്ടിയ പോയിന്റുകളനുസരിച്ച് രണ്ടാമത് ആർഡർ കൊടുത്തുവെന്നു പറയാമല്ലോ. അങ്ങനെയാണെങ്കിൽ വിവിധമന്ത്രിമാരുടെ പേരിൽ പക്ഷപാതം കാണിച്ചു എന്നുള്ള രണ്ടുവിധത്തിലുള്ള അനാദരവു കാണി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ]

ച്ചെന്നു വരികയില്ല. ഉത്തരവ് എന്നപേരിൽ ഒരു കഷ്മാപണം പോലെ ഒന്നാണ് ഇവിടെ പുറപ്പെടുവിച്ചിരിക്കുന്നത്. അതുകൊണ്ട് ബാക്കിയുള്ള ആരോപണങ്ങളും കൂടി ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി ഓർഡർ പുറപ്പെടുവിക്കുകയാണു വേണ്ടത്. അതിന്റെ സാധ്യതയുടെ കാര്യത്തിൽ ആലോചിക്കാൻ സമയം വേണമെന്നുണ്ടെങ്കിൽ, അക്കാര്യം നാളെ വന്നു പറയാമെന്നു മുഖ്യമന്ത്രി പറയുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഈ ചർച്ച മാറ്റിവയ്ക്കുന്നതിനു വിരോധമില്ല. അതല്ലാതെ മറ്റുതരത്തിലുള്ള വാദങ്ങളും ഉന്നയിച്ചുകൊണ്ട്, എല്ലാപോയിന്റുകളും ഉൾപ്പെടുത്തി ഉത്തരവിടുന്നത് എന്തോ അസാധ്യമായ കാര്യമാണെന്നുള്ള നിലയിൽ, നിയമസഭാ സെക്രട്ടേറിയറ്റാണ് ഉത്തരവാദിയെന്നുള്ള നിലയിൽ ഒഴിഞ്ഞുപോകുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സഭയെ അനാദരിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രിതന്നെ സമ്മതിച്ചതാണ്. ആരോപണങ്ങളും കണ്ടുപിടിക്കുന്നതിൽ നിസ്സഹകരണം കാണിച്ചുവെന്നുള്ളതിന്റെ ഉത്തരവാദിത്വമാണ് പ്രകാരാന്തരേണ മുഖ്യമന്ത്രിയിലും മുഖ്യമന്ത്രിയുടെ കക്ഷിയിലും വന്നുചേരുന്നത്. മുഖ്യമന്ത്രിയുടെ ഏകപക്ഷീയമായ നിസ്സഹകരണംകൊണ്ടാണ് താമസിച്ചുപോയതെന്നുള്ളത് സുവിദിതമായ കാര്യമാണ്. അതുകൊണ്ട്, താമസിച്ചുപോയി എന്നുള്ള കാരണം പറഞ്ഞ് മുഖ്യമന്ത്രിക്കോ മുഖ്യമന്ത്രിയുടെ കക്ഷിക്കോ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുപോകാൻ കഴിയുകയില്ല. സഭ പാസ്സാക്കിയ ഈ പ്രമേയത്തിന്റെ കാര്യത്തിൽ തലനാരിഴയുടെ വലിപ്പമുള്ള, ദുർബലമായ, സാങ്കേതികവാദം മാത്രമേ അങ്ങയുടെ സഹായത്തിനുള്ളൂ. അതുകൊണ്ട് അന്വേഷിക്കാമെന്നു പറയുകയോ അതിന്റെ സാധ്യതയെപ്പറ്റി നാളെ ആലോചിച്ചു പറയാമെന്നു പറയുകയോ ചെയ്താൽ ഈ പ്രശ്നം ഇപ്പോഴം അവസാനിപ്പിക്കാം.

ശ്രീ. കെ. കരുണാകരൻ: സർ, മുഖ്യമന്ത്രി ഈ കാര്യങ്ങളെല്ലാം ടേംസ് ഓഫ് റഫറൻസിൽ ഉൾക്കൊള്ളിക്കാതിരുന്നതിനു പറഞ്ഞ കാരണം പരിശോധിക്കാൻ സമയം കിട്ടിയില്ലെന്നുള്ളതാണ്. അത്രയ്ക്കു പരിശോധിക്കേണ്ട കാര്യമൊന്നുമില്ല. ഈ സഭയുടെ സബ്കമ്മിറ്റി പത്രണ്ടു കാര്യങ്ങളും ഉൾക്കൊള്ളിക്കണമെന്നു പറഞ്ഞാൽ അവ എടുത്തുമാറ്റിയിട്ടു ചെയ്യേണ്ട കാര്യമില്ല. പ്രൈമാഫേസി കേസുണ്ടോ എന്നു നോക്കാനുള്ള ബാധ്യതയും മുഖ്യമന്ത്രിക്കില്ല. സബ്കമ്മിറ്റിയുടെ റിപ്പോർട്ടു സഭയുടെ റിപ്പോർട്ടുതന്നെയാണ്. പരിശോധിക്കാൻ സാവകാശം വേണമെന്ന പ്രശ്നമില്ല. അതു കിട്ടിക്കഴിഞ്ഞാൽ പത്രണ്ടെണ്ണവും ഉൾക്കൊള്ളിച്ചു അന്വേഷിക്കുവാൻ ഉത്തരവിടുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, രാമേശ്വരത്തെ കഷ്ടത്തിന്റെ കാര്യം പറഞ്ഞു. ആരോടും അനാദരവുണ്ടായിട്ടു പറയുകയല്ല. രാമേശ്വരത്തെ കഷ്ടത്തിന്റെ കാര്യം പറയുകയാണെങ്കിൽ, പത്തുപതിനായിരത്തിൽപ്പരം പേജുകളുള്ള സഭാനടപടികളും മുഴുവൻ മുഞ്ഞിത്തപ്പി നോക്കി അതിൽനിന്ന് ആരോപണം പൊക്കിയെടുത്തുകൊണ്ടുവന്ന് അന്വേഷണത്തിന് ഓർഡർ കൊടുക്കണമെന്നുള്ള റസല്യൂഷൻ പാസ്സാക്കിയതുതന്നെ എവിടത്തെ കഷ്ടമാണെന്ന് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടാണ് അതിന്റെ മുഴുവൻ ഗൗരവത്തോടുകൂടി ഞാൻ അങ്ങയോടു പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ 16-ാം തീയതി രാത്രി എനിക്ക് ഇവിടെ മേശപ്പുറത്തുവച്ചിട്ടുള്ള രേഖകളും മുഴുവൻ കിട്ടി. ആ രേഖകളും പരിശോധിച്ചിട്ടാണ് ഞാൻ ഇവിടെ വന്നു പറഞ്ഞത്, അതിന്റെ അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിൽ ആർഡറിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണെന്ന്. ആ അവസരത്തിലാണ് 17-ാം തീയതി രാത്രി മറേറ ആരോപണങ്ങളുടെ ലിസ്റ്റു കിട്ടുന്നത്. ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്. ശ്രീ. ചന്ദ്രശേഖരൻ നായരാണെന്നു തോന്നുന്നു, കമ്മിറ്റി അയച്ചിട്ടുള്ളതിൽ ചിലതു ഞാൻ എടുത്തു ചിലത് എടുത്തിട്ടില്ല എന്നു പറഞ്ഞു; ഞാൻ എടുത്തിട്ടുള്ളത് 16-ാം തീയതി രാത്രി കിട്ടിയതും മേശപ്പുറത്തു വച്ചിട്ടുള്ളതുമായ രേഖകൾ മാത്രമാണ്. 17-ാം തീയതിയിലേത്, ഞാൻ നേരത്തെ പറഞ്ഞതു പോലെ, ഒന്നും എടുത്തിട്ടില്ല. 17-ാം തീയതി രാത്രി കിട്ടിയത് ഞാൻ എടുത്തിട്ടില്ലെന്നു മാത്രമല്ല ആ രേഖകളൊന്നും ഇക്കാര്യത്തിൽ എന്നെ സഹായിച്ചിരുന്ന ഉദ്യോഗസ്ഥൻമാർ കണ്ടിട്ടുപോലുമില്ല. അത് ഇപ്പോഴും എന്റെ കൈയ്യിൽ ഇരിക്കുകയാണ്. ആ സ്ഥിതിക്ക് അപ്പോൾത്തന്നെ ഡ്രാഫ്റ്റ് തയ്യാറാക്കി പ്രോസസിംഗ് നടന്നുകൊണ്ടിരിക്കുന്ന ഒരു ആർഡറിൽ അതുകൂടി ഉൾപ്പെടുത്തണമെന്നുള്ള നിർബന്ധം കൊണ്ട് പിന്നെയും താമസിപ്പിക്കുകയാണെങ്കിൽ 18-ാം തീയതി പാസ്സാക്കേണ്ടതായ ആർഡർ പിന്നെയും താമസിച്ചുപോകും. അതുപാടില്ലെന്ന് എനിക്കു നിർബന്ധമുണ്ട്. നേരത്തെ പറഞ്ഞപോലെ, യാതൊരു രേഖയും കിട്ടിയില്ലെങ്കിൽപ്പോലും അതിൽ പറഞ്ഞിരുന്ന ആർഡർ ഞാൻ പാസ്സാക്കുമായിരുന്നു. 16-ാം തീയതി അയച്ചുകിട്ടി എന്നുള്ളതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ആർഡർ തയ്യാറാക്കി. 17-ാം തീയതിക്കുശേഷമുള്ളവ എടുക്കുന്നതിനു സമയമില്ലായിരുന്നു. ശ്രീ കരുണാകരൻ പറഞ്ഞു പരിശോധിക്കേണ്ട കാര്യമില്ലെന്ന്. അതു ശരിയല്ല. ഗവർമ്മെൻറ് ഒരു ആർഡർ ഇഷ്യു ചെയ്യുമ്പോൾ സഭയും കൗൺസിൽ ഓഫ് മിനിസ്റേറഴ്സും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആർഡർ പാസ്സാക്കുന്ന അവസരത്തിൽ ഗവർമ്മെൻറിന് 'സബ്ജക്റീവ് സാറ്റിസ്ഫാക്ഷൻ' ഇല്ലാതെ പാസ്സാക്കിയാൽ തള്ളിപ്പോകും.

ബഹുമാനപ്പെട്ട മഹമ്മദുകോയ പറഞ്ഞതുപോലെ, ഇനി എന്തു ചെയ്യാനെന്നുള്ളതിനെ സംബന്ധിച്ചാണെങ്കിൽ, നേരത്തെ പറഞ്ഞതുപോലെ, ആ രേഖകൾ പരിശോധിച്ചു, വേണ്ടിവരികയാണെങ്കിൽ സപ്ളിമെൻററി ടേംസ് ഓഫ് റഫറൻസ് ഇഷ്യു ചെയ്യാം. ആർഡർ ഇഷ്യു ചെയ്താൽ സപ്ളിമെൻററി ടേംസ് ഓഫ് റഫറൻസ് നൽകുന്നതിനുള്ള സാധ്യത മുതലായവയെല്ലാം പരിശോധിക്കാതെ അതിനെപ്പറ്റി കൂടുതൽ പറയാൻ സാധിക്കുകയില്ല. ഏതായാലും ഈ സഭയോടോ ബിസിനസ് അഡ്വൈസറി കമ്മിറ്റിയോടോ സബ് കമ്മിറ്റിയോടോ യാതൊരനാദരവും എനിക്കില്ല. നേരേമറിച്ച് 18-ാം തീയതിക്കുള്ളിൽ, ഉള്ള രേഖകൾ വച്ച് ആർഡർ പാസ്സാക്കണമെന്ന നിർബന്ധബുദ്ധി എനിക്കുണ്ടായിരുന്നതുകൊണ്ടാണ് ഇങ്ങനെ ഉത്തരവിട്ടിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഈ സഭ പാസ്സാക്കിയ ഒരു പ്രമേയത്തെപ്പറ്റിയാണ് രാമേശ്വരത്തെ ക്ഷൗരം എന്നു പറഞ്ഞത്. അതു ശരിയാണോ? ആയിരംപേജുള്ള.....

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ സഭയെപ്പറ്റി പൊതുവായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആക്ഷേപ സൂചകമായിട്ടുള്ള പദപ്രയോഗം നടത്തിയിരിക്കുന്നത്....

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

ഡാ. ജോർജ്ജ് തോമസ്: സർ, ഈ മന്ത്രിസഭ രാമേശ്വരത്തെ കുഷ്ഠരം പോലെയാണെന്നു പറഞ്ഞാൽ ആർഡറിലാകുമോ?

[9 a.m.]

ശ്രീ. ടി. കെ. ദിവാകരൻ: സർ, പായിൻറ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യഘട്ടത്തിൽ, 'രാമേശ്വരത്തെ കുഷ്ഠരത്തെപ്പറ്റി പരാമർശിച്ച അവസരത്തിൽ, ഈ നിയമസഭാനടപടികളുടെ ആയിരത്തിലധികം പേജുകൾവരെ പരിശോധിച്ചതിനുശേഷം അന്വേഷണം നടത്തണമെന്ന് ഈ സഭ പാസ്സാക്കിയ ഒരു പ്രമേയത്തെ, 'ഇത് എവിടത്തെ കുഷ്ഠരമാണ്'' എന്നു ചോദിച്ചതിൽ അടങ്ങിയിട്ടുള്ള ദുസ്സൂചന ഈ സഭയോടുള്ള അവഹേളനമല്ലേ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: 'രാമേശ്വരത്തെ കുഷ്ഠരം' എന്നൊക്കെ പരാമർശം വന്ന അവസരത്തിൽ കുറച്ചൊക്കെ അതിനെപ്പറ്റി പറഞ്ഞുപോകും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സഭ പാസ്സാക്കിയ ഒരു പ്രമേയത്തെപ്പറ്റിയാണ് അങ്ങനെ പറഞ്ഞത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ സഭാനേതാവായ മുഖ്യമന്ത്രിക്ക്, ഈ സഭയെപ്പറ്റി പൊതുവെ ഇത്തരത്തിലുള്ള പരാമർശം ആകാമോ ?

ശ്രീ. ജോർജ്ജ് തോമസ്: ഇന്നത്തെ മന്ത്രിസഭ രാമേശ്വരത്തെ കുഷ്ഠരം പോലെയാണെന്നു പറയുന്നതു ആർഡറിലാണോ ?

മി. സ്പീക്കർ: ഈ സഭ പാസ്സാക്കിയ പ്രമേയത്തെ സംബന്ധിച്ചിടത്തോളം, ഈ സഭയ്ക്കുള്ള എല്ലാ അധികാരാവകാശങ്ങളും കണക്കിലെടുത്തുകൊണ്ട് വളരെ ഗൗരവപൂർവ്വം ഇതിനെ കണക്കാക്കേണ്ടതാണ്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ അടിസ്ഥാനത്തിൽ, ഇങ്ങനെയൊരു വാക്കു നേരത്തേ പരാമർശിച്ചിട്ടുള്ളതിനെപ്പറ്റി അദ്ദേഹം സൂചിപ്പിച്ചതാണെങ്കിലും, ഈ സഭ പാസ്സാക്കിയ ഒരു പ്രമേയത്തെസംബന്ധിച്ചിടത്തോളം 'രാമേശ്വരത്തെ കുഷ്ഠരം' എന്നു പറഞ്ഞതു ശരിയായില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എവിടത്തെ കുഷ്ഠരമാണെന്നറിഞ്ഞില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയല്ല പറഞ്ഞത്. ആയിരത്തിലധികം പേജുകളുള്ള നിയമസഭാ പ്രൊസീഡിംഗ് പരിശോധിക്കണമെന്നാണ്.

മി. സ്പീക്കർ: ആർഡർ, ആർഡർ. അങ്ങനെ പറഞ്ഞതു ശരിയായില്ല എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് അങ്ങൊരു റൂളിംഗ് നൽകിക്കഴിഞ്ഞു. ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട ഒരു പ്രമേയം അനുസരിച്ച് 18-ാം തീയതിക്കു മുൻപ് അന്വേഷണ ആർഡർ പുറപ്പെടുവിക്കണമെങ്കിൽ, 18-ാം തീയതിക്കു മുൻപെന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നതു് കുറഞ്ഞതു് 17–ാം തീയതി എങ്കിലും ആണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. 17–ാം തീയതിക്കകം ആർഡർ ഇറക്കണമെങ്കിൽ ആവശ്യമായ രേഖകൾ കിട്ടാതെ സാദ്ധ്യമല്ലല്ലോ. രേഖകൾ കിട്ടാതെ വന്നുവെന്ന വസ്തുത അങ്ങുതന്നെ സമ്മതിച്ചിട്ടുള്ളതാണു്.

മി. സ്പീക്കർ: ഞാൻ അങ്ങനെയൊന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: വിശദമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അങ്ങു് ഒരു റൂളിംഗു് നൽകിയതിനുശേഷം, പിന്നീടു് അതിനെ തുടർന്നു് രാമേശ്വരത്തെയും, കോഴിക്കോട്ടെയും, ഹൈദരബാദിലെയും കാര്യങ്ങൾ പറയുന്നതു ആർഡറിലാണോ ?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇതിനെസംബന്ധിച്ചിടത്തോളം പറയാനുള്ളതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളും അവരുടേതായ അഭിപ്രായങ്ങൾ വിശദമായി പറഞ്ഞുകഴിഞ്ഞു. കേസു് സഭയുടെ മുൻപിൽ ആയിക്കഴിഞ്ഞു. ഏതായാലും ഈ സഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, ഒരു കമ്മിറ്റി രൂപീകരിച്ചു്, ആ കമ്മിറ്റി തിരഞ്ഞെടുത്ത ആരോപണങ്ങളിൽ ചിലതു മാത്രം ഇതിൽ ഉൾപ്പെടുത്തി എന്ന അഭിപ്രായമാണു് ഇവിടെ പറഞ്ഞതു്. ശേഷിച്ചതുകൂടി ഉൾപ്പെടുത്തുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

Anyway I am not taking any decision now. We will pass on to the Minister's statements.

ശ്രീ. ടി. എ. മജീദു്: സർ, 128–ം, 252–ം നമ്പർ നിയമസഭാ നടപടിച്ചട്ടങ്ങൾ അനുസരിച്ച മോഷൻ അവതരിപ്പിക്കാൻ നോട്ടീസു കൊടുത്തിട്ടുണ്ടു്.

II. STATEMENT BY MINISTERS UNDER RULE 278

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, കഴിഞ്ഞ 31 മാസം ഒരു മന്ത്രിയായി പ്രവർത്തിച്ചതിനുശേഷം, ആ സ്ഥാനം രാജിവച്ചിട്ടു് പ്രതിപക്ഷത്തിരിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി ഒരു പ്രസ്താവന ചെയ്യാൻ അങ്ങു് അനുവദിച്ചതിനു് അങ്ങയോടു് എനിക്കുള്ള കൃതജ്ഞത ഞാൻ ആദ്യമായി രേഖപ്പെടുത്തുന്നു.

രണ്ടാമതു്, ഈ കഴിഞ്ഞ 31 മാസം മന്ത്രിയായിരുന്ന സന്ദർഭത്തിൽ, എന്റെ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കു് സഹായകമായ രീതിയിൽ ഈ സഭയിൽ നിന്നു കിട്ടിയിട്ടുള്ള ആത്മാർത്ഥമായ, നിർല്ലോഭമായ പിൻതുണയ്ക്കു ഈ സഭയോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

അതുപോലെ തന്നെ കഴിഞ്ഞ ഈ കാലഘട്ടത്തിൽ എന്റെ വകുപ്പുകളുടെ പ്രവർത്തനം വിജയകരമാക്കിത്തീർക്കുന്നതിനു സഹായിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരോടും ഞാൻ ഈ അവസരത്തിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു.

സർ, എന്നെ ഏൽപ്പിച്ച വകുപ്പുകളുടെ പ്രത്യേകതകൊണ്ടു് ആ വകുപ്പുകളുടെ പ്രവർത്തനം വിജയകരമാകണമെങ്കിൽ, ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെയും നാട്ടുകാരുടെയും സഹകരണം അത്യാവശ്യമായിരുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ കലവറയില്ലാത്ത സഹകരണം അവരിൽനിന്നു കിട്ടിയിരുന്നുവെന്നു അഭിമാനപൂർവ്വം സ്മരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly